# നീരയുടെ വരവ് കാർഷികരംഗത്ത് ഉണർവേകി: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: നീരയുടെ വരവു സംസ്ഥാനത്തെ കാർഷിക രംഗത്തിനു പുത്തൻ ഉണർവാണു സമ്മാനിച്ചതെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. സംസ്ഥാനതല കാർഷിക വികസന സമിതിയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

നീരയുടെ ഉത്പാദനം സംസ്ഥാനത്തെ നാളികേരകർഷകർക്കു ന്യായവില ലഭ്യമാക്കാൻ സഹായകരമായി. പതിറ്റാണ്ടുകൾക്കു മുമ്പുള്ള നിയമത്തിൽ എക്സൈസ്, കൃഷി വകുപ്പുകൾ ചേർന്നുണ്ടാക്കിയെടുത്ത മാറ്റമാണു നീര ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾക്കിടയാക്കിയത്.

കർഷകരുടെ ദീർഘകാലമായുള്ള ആവശ്യം നിറവേറ്റാനായതു സന്തോഷകരമാണ്. ജൈവ പച്ചക്കറിയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് ഇനി സർക്കാരിനു മുന്നിലുള്ള വെല്ലുവിളി. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മാതൃകാ ഹൈടെക് പദ്ധതി നടപ്പാക്കിവരുന്നു. കാർഷികരംഗത്തു യുവാക്കളുടെ കടന്നുവരവ് പ്രോത്സാഹിപ്പിക്കും. ഒരു വർഷത്തിനുള്ളിൽ ക്ഷീരകൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കും. സംഭരിക്കുമ്പോൾത്തന്നെ നെൽ കർഷകർക്കു നെല്ലിന്റെ പണം ബാങ്ക് വഴി നല്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

റബറിനു ന്യായവില ലഭ്യമാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നു സത്വര നടപടികൾ ഉണ്ടാകും. റബറിന്റെ അന്താരാഷ്ട്ര കമ്പോള വില കുറഞ്ഞതാണു പ്രതിസന്ധിക്കു കാരണം. ഇതു മറികടക്കാൻ കേന്ദ്രത്തോടു ബദൽമാർഗങ്ങൾ ആരായുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കൃഷിമന്ത്രി കെ.പി. മോഹനൻ, എക്സൈസ് മന്ത്രി കെ. ബാബു എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. സർക്കാരിന്റെ കാർഷിക നയം രൂപവത്കരിക്കുന്നതുമായി ബന്ധപ്പെട്ടു കെ.കൃഷ്ണൻകുട്ടി സമിതി സമർപ്പിച്ച പഠന റിപ്പോർട്ട് യോഗം ചർച്ച ചെയ്തു. കൃഷി സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ, പ്ലാനിംഗ് ബോർഡ് ഉപാധ്യക്ഷൻ കെ.എം. ചന്ദ്രശേഖർ, എംഎൽഎമാരായ ഡൊമിനിക് പ്രസന്റേഷൻ, ജമീലാപ്രകാശം തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.